പി.എം.ജി.എസ്.വൈ. പദ്ധതിയിൻകീഴിൽ റോഡുകളുടെ വികസന പ്രവർത്തനങ്ങൾ

119 (4742) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ.പദ്ധതിയിൻ കീഴിൽ റോഡുകളുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള മുഖ്യ തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ജീവനക്കാരുടെ അപര്യാപ്തത പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പ്രാവർത്തികമാക്കുമ്പോൾ പല തടസ്സങ്ങളും നേരിടുന്നുണ്ട്. പ്രധാനമായും പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് ആവശ്യമായ ഭൂമി ലഭിക്കും എന്ന ജില്ല/ബ്ളോക്ക് പഞ്ചായത്തുകളുടെ ഉറപ്പിൻമേലാണ്. എന്നാൽ പദ്ധതി തുടങ്ങുമ്പോൾ നിർദ്ദിഷ്ട വീതി (8 മീറ്റർ) ലഭിക്കാറില്ല. റോഡുകളിലുള്ള യൂട്ടിലിറ്റീസ് (ടെലഫോൺ ലൈനുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, പൈപ്പ്ലൈനുകൾ തുടങ്ങിയവ) സമയബന്ധിതമായി മാറ്റിസ്ഥാപിക്കുന്നതിൽ സേവനദാതാക്കളായ വകുപ്പുകൾ കാലതാമസം വരുത്തുന്നു. യൂട്ടിലിറ്റീസ് മാറ്റുന്നതിനുള്ള ചെലവ് കേന്ദ്ര സർക്കാർ വഹിക്കുകയില്ല. ടെന്റർ എക്സസും അനുവദനീയമല്ല. ചില ജില്ലകളിൽ (ആലപ്പുഴ, പത്തനംതിട്ട, കോട്ടയം) മണ്ണ്, മെറ്റൽ എന്നിവയുടെ ലഭ്യതകുറവ്, ഇവ പ്രവൃത്തി സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള നിയന്ത്രണം എന്നിവമൂലവും ഏറ്റെടുത്ത പല പ്രവർത്തികളും പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

(ബി) പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ സാങ്കേതിക ഉദ്യോഗസ്ഥരുടെ കുറവ് പദ്ധതി നടത്തിപ്പിനെ ദോഷകരമായി ബാധിച്ച പ്രധാന ഘടകമായിരുന്നു. ഈ തടസ്സങ്ങൾ ലഘൂകരിക്കുന്നതിനും പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനുംവേണ്ടി സംസ്ഥാന സർക്കാർ പദ്ധതിയുടെ ജില്ലാതല മേൽനോട്ട ചുമതലയുള്ള പ്രോഗ്രാം ഇംപ്ളിമെന്റേഷൻ യൂണിറ്റുകളിൽ അക്രഡിറ്റഡ് എൻജിനീയർമാരുടെ എണ്ണം 56 ആക്കി കരാർ അടിസ്ഥാനത്തിൽ നിയമിച്ചു. കൂടാതെ 90 ഓവർസിയർമാരെയും കരാറടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ പദ്ധതി നടത്തിപ്പിനായി സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതുവരെ, ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് എൻജിനീയർമാർ, ബ്ളോക്ക് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർ എന്നിവർക്ക് ഈ പദ്ധതിയുടെ മേൽനോട്ടത്തി

LIBRARY ARCHIVES Kerala Legislative Assembly

നുള്ള അധിക ചുമതല താൽക്കാലികമായി നൽകുന്നതിനും, ഈ പദ്ധതിയുടെ മേൽനോട്ടത്തിനു മാത്രമായി പ്രസ്തുത ഉദ്യോഗസ്ഥരുടെ നിയന്ത്രണം പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റിലെ (പി.ഐ.യു) എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാക്കിക്കൊണ്ട് 14-1-2010-ലെ സ.ഉ.(എം.എസ്) നമ്പർ 143/2010/ത. സ്വ.ഭ.വ, പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

പേരാമ്പ്ര മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പ്രകാരം അനുമതി ലഭിച്ച റോഡുകൾ

120 (4743) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ പി. എം. ജി. എസ്. വൈ. പ്രകാരം അനുമതി ലഭിച്ച റോഡുകൾ ഏതൊക്കെയെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുമതി ലഭിച്ച റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പണിയുടെ ടെണ്ടർ

121 (4744) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ മരാമത്ത് പണികളുടെ ടെണ്ടർസംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശം അറിയിക്കുമോ ;

(ബി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ടെണ്ടർ സംബന്ധിച്ച നടപടിക്രമങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ആരാണ് ;

(സി) ചാലക്കുടി മണ്ഡലത്തിലെ കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ ടെണ്ടർ സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പണികളുടെ ടെണ്ടർ നടപടി ക്രമങ്ങൾ സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 23-9-1997-ലെ സ.ഉ(അ)216/97തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അധികാരപ്പെടുത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥന് ആയിരിക്കും ചുമതല. മരാമത്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly